കടപ്പുറം മുണ്ടേക്കടവ് മത്സ്യബന്ധനത്തിന് ഉപയുക്തമാക്കാൻ നടപടി

1796 [2721] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം മുണ്ടേക്കടവിൽ 'മണൽതിട്ട' നീക്കം ചെയ്ത് മത്സ്യബന്ധനത്തിന് സഹായകമായ സാഹചര്യം ഉണ്ടാക്കണമെന്നുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

മത്സ്യഫെഡിലെ അഴിമതി

1797 [2722] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മത്സ്യഫെഡ്' എന്ന സ്ഥാപനത്തിലെ വ്യാപകമായ അഴിമതികളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷണം നടത്തുമോ ;

(സി) മത്സ്യഫെഡിലെ നിയമനങ്ങളിൽ അപാകതകൾ ഉണ്ടോ എന്ന് അന്വേഷിച്ച് നടപടികൾ എടുക്കുമോ ;

(ഡി) മത്സ്യഫെഡിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) മത്സ്യഫെഡിനുവേണ്ടി ബസ്സുകൾ വാങ്ങിയതിൽ അഴിമതിയുണ്ടെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നിയമനങ്ങളിൽ അപാകതകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മത്സ്യഫെഡിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടിട്ടില്ല. മത്സ്യഫെഡ് കേരളാ സഹകരണസംഘം ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണസ്ഥാപനമാണ്. സഹകരണസംഘം ചട്ടങ്ങളും നിയമങ്ങളുമനുസരിച്ചാണ് നിയമനങ്ങൾ നടത്തപ്പെടുന്നത്.

(ഇ) ബസ്സുകൾ വാങ്ങിയതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly